# കേരളസർക്കാർ

## പ്രവേശന പരീക്ഷാ കമ്മീഷണറുടെ നടപടിക്രമം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ് , ശാന്തിനഗർ

തിരുവനന്തപുരം-695001

ഹാജർ : ഇൻപശേഖർ.കെ, ഐ.എ.എസ്

---

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം - സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ 2018-19 അധ്യയന വർഷം എംബിബിഎസ് കോഴ്സിൽ പ്രവേശനം ലഭിച്ചതും ബിപിഎൽ സ്കോളർഷിപ്പിന് അർഹത നേടിയിട്ടുള്ളതുമായ വിദ്യാർത്ഥിക്ക് ഒന്നാം വർഷത്തെ ട്യൂഷൻ ഫീസിന്റെ 90 % തുക ബി.പി.എൽ സ്കോളർഷിപ്പായി അനുവദിച്ച് ഉത്തരവാകുന്നു.

---

**നം.എ 3/196/2022/പ്ര.പ.ക** **തീയതി:13/03/2022**

---

പരാമർശം: 1.സർക്കാർ ഉത്തരവ് (എം.എസ്) നം. 107/2018/ആകുവ തീയതി 06.06.2018.
2.സർക്കാർ ഉത്തരവ് (എം.എസ്) നം. 138/2018/ആകുവ തീയതി 19.07.2018.
3.സർക്കാർ ഉത്തരവ് (എം.എസ്) നം. 169/2018/ആകുവ തീയതി 19.08.2018
4.23/07/2020-ലെ WP(C)No.7771/2018 & connected case -ലെ ബഹു.ഹൈക്കോടതി ഉത്തരവ്.
5.27/01/2021-ലെ WP(C)No.25475 &26683/2020 -ലെ ബഹു.ഹൈക്കോടതി ഉത്തരവ്.
6. കുമാരി മുസ്സിന മൊയ്ദീൻ പി പി സമർപ്പിച്ച നിവേദനം.
7. 30.11.2021-ലെ കോഴിക്കോട് ജില്ലാ കളക്ടറുടെ കത്ത് നമ്പർ DCKKD/6789/2019-N1
8.30.12.2021-ലെ ഈ കാര്യാലയത്തിലെ എ 3/693/2019/പ്രപക പ്രകാരമുള്ള വിജ്ഞാപനം.
9.12.01.2022-ലെ AFRC/ASC ചെയർമാന്റെ ഉത്തരവ് നമ്പർ ASC 100/18/MBBS/CFBPL
10.സർക്കാർ ഉത്തരവ് (പി) നം. 83/2018/ആകുവ തീയതി 05.06.2018

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ 2017-18 അധ്യയന വർഷം മുതൽ എംബിബിഎസ് കോഴ്സിന് പ്രവേശനം ലഭിച്ചിട്ടുള്ള ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള (ബി.പി.എൽ) വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് രൂപത്തിൽ ഫീസ് ഇളവ് നടപ്പിലാക്കുന്നതിനുള്ള പദ്ധതി പരാമർശം 1,2,3 ഉത്തരവുകൾ പ്രകാരം സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ബിപിഎൽ സ്കോളർഷിപ്പിന് അർഹരാകുന്ന വിദ്യാർഥികൾ അഡ്മിഷൻ ഫീ റെഗുലേറ്ററി കമ്മിറ്റി ഫോർ മെഡിക്കൽ എഡ്യൂക്കേഷൻ നിശ്ചയിച്ചിട്ടുള്ള വാർഷിക ട്യൂഷൻ ഫീസിന്റെ 10% തുക സ്വയം കണ്ടെത്തേണ്ടതും ബാക്കി ഫീസിന് തുല്യമായ തുക സ്കോളർഷിപ്പ് ഇനത്തിൽ ലഭ്യമാക്കുന്നതുമാണ്. ബിപിഎൽ വിഭാഗം വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനുള്ള മാനദണ്ഡം ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ നൽകുന്ന പരിശോധനാ റിപ്പോർട്ടിലെ സൂചകങ്ങളും, മുപ്പതും (30) അതിൽ കൂടുതലും വെയിറ്റേജ് മാർക്കുമാണ്.

പരാമർശം 1,2,3 സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ 2018-19 അധ്യന വർഷത്തിൽ എംബിബിഎസ് കോഴ്സ്-ന് പ്രവേശനം ലഭിച്ച വിദ്യാർഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചിരുന്നു . തുടർന്ന് പരാമർശം (4) പ്രകാരം ബി.പി.എൽ സ്കോളർഷിപ്പ് സംബന്ധിച്ച പരാമർശം (1) സർക്കാർ ഉത്തരവ് ബഹു. ഹൈക്കോടതി റദ്ദാക്കിയിരുന്നു. പരാമർശം (5) പ്രകാരം അർഹരായ വിദ്യാർത്ഥികൾക്ക് ബി.പി.എൽ സ്കോളർഷിപ്പ് അനുവദിയ്ക്കുന്നതിന് ബഹു.ഹൈക്കോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ട്. ആയതുപ്രകാരം വിദ്യാർഥികളിൽ നിന്നും ലഭിച്ച അപേക്ഷകളിന്മേൽ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ നൽകിയ പരിശോധനാ റിപ്പോർട്ടുകൾ പ്രകാരം അർഹരായ വിദ്യാർഥികൾക്ക് അഡ്മിഷൻ ഫീ

റെഗുലേറ്ററി/സൂപ്പർവൈസറി കമ്മിറ്റിയുടെ അംഗീകാരപ്രകാരം സ്കോളർഷിപ്പ് വിതരണം ചെയ്തിരുന്നു. തുടർന്ന് അർഹരായ വിദ്യാർഥികൾക്ക് തുടർ വർഷങ്ങളിലെ സ്കോളർഷിപ്പ് പുതുക്കി നൽകിയിട്ടുമുണ്ട്.

തുടർന്ന് തിരുവനന്തപുരം SUT അക്കാദമി ഓഫ് മെഡിക്കൽ സയൻസിലെ 2018-19 ബാച്ച് എംബിബിഎസ് വിദ്യാർഥിയായ കുമാരി മുഹ്സിന മോയ്ദീൻ പി പി സമർപ്പിച്ച പരാമർശം (6) നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ അപേക്ഷ അർഹതാ പരിശോധനക്കായി കോഴിക്കോട് ജില്ലാ കളക്ടർക്ക് അയച്ചിരുന്നു. പരാമർശം (7) പ്രകാരം ടിയാളുടെ സ്കോളർഷിപ്പിനുള്ള വെയിറ്റേജ് മാർക്ക് കോഴിക്കോട് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയത്പ്രകാരം പരാമർശം (8) അനുസരിച്ച് ടി വെയിറ്റേജ് മാർക്ക് വിജ്ഞാപനം ചെയ്തിരുന്നു. തുടർന്ന് ടിയാൾക്ക് ബിപിഎൽ സ്കോളർഷിപ്പ് അനുവദിക്കുന്നതിന് അഡ്മിഷൻ ഫീ റെഗുലേറ്ററി/സൂപ്പർവൈസറി കമ്മിറ്റിക്ക് കത്തയക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (9) പ്രകാരം അഡ്മിഷൻ ഫീ റെഗുലേറ്ററി/സൂപ്പർവൈസറി കമ്മിറ്റി കുമാരി മുഹ്സിന മൊയ്ദീൻ പി പിക്ക് ബിപിഎൽ സ്കോളർഷിപ്പ് അനുവദിക്കുന്നതിനുള്ള അംഗീകാരം നൽകിയിട്ടുണ്ട്.

മേൽസാഹചര്യത്തിൽ 2018-19 അധ്യയന വർഷം സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എംബിബിഎസ് കോഴ്സിന് പ്രവേശനം ലഭിച്ച വിദ്യാർഥിയും, ബിപിഎൽ സ്കോളർഷിപ്പ് നൽകുന്നതിന് അഡ്മിഷൻ ഫീ റെഗുലേറ്ററി/സൂപ്പർവൈസറി കമ്മിറ്റി അംഗീകാരം നല്കിയിട്ടുള്ളതുമായ പട്ടികയിൽ പറയുന്ന വിദ്യാർഥിനിക്ക് പരാമർശം (10) സർക്കാർ ഉത്തരവ് പ്രകാരം AFRC അംഗീകരിച്ച ട്യൂഷൻ ഫീസിന്റെ 90% തുക ബിപിഎൽ സ്കോളർഷിപ്പായി അനുവദിച്ച് ഉത്തരവാകുന്നു. പട്ടിക ഉള്ളടക്കം ചെയ്യുന്നു.

Annexure

| Sl. No. | Sl.No. in the Register | Roll. No | Name of Students | Name of College | Weightage mark | Tuition Fee approved by AFRC | BPL Scholarship (90% of Tuition Fee) |
|---|---|---|---|---|---|---|---|
| 1 | 65 | 208724 | Muhsina Moideen P P | SUT Academy of Medical Sciences Tvm | 31 | 5,32,000 | 4,78,800 |

Total-₹4,78,800/-
(₹Four lakhs Seventy eight thousand and eight hundred only)

പ്രവേശന പരീക്ഷാ കമ്മീഷണർ

പകർപ്പ്

1. ബന്ധപ്പെട്ട വിദ്യാർത്ഥികൾക്ക്
2. ബന്ധപ്പെട്ട സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾമാർക്ക്
3. ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
4. ഉന്നത വിദ്യാഭ്യാസ വകുപ്പ്, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
5. ഡയറക്ടർ, ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ, തിരുവനന്തപുരം
6. ഡയറക്ടർ, ആരോഗ്യ വകുപ്പ്, തിരുവനന്തപുരം